**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **03-02-2026 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ ഡിസൈൻ പോളിസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപ്പനയിലെ വെല്ലുവിളികൾ നേരിടുന്നതിനും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഡിസൈൻ പോളിസി എങ്ങനെയാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ; | (എ) | ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപനയിലെ വെല്ലുവിളികൾ നേരിടുന്നതിനും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും സഹായകരമാകുന്നതിനായുള്ള ഒരു മാർഗ്ഗനിർദ്ദേശക ചട്ടക്കൂട് ആണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി . കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തെരുവോരങ്ങൾ , സ്ട്രീറ്റ് ഫർണിച്ചറുകൾ, ലാന്റ്സ്കേപ്പിംഗ് തുടങ്ങി എല്ലാ ഘടകങ്ങളെയും സമന്വയിപ്പിക്കുന്നതാണ് രൂപകൽപന നയം. 14.03.2024 ലെ സ.ഉ (കൈ) നം. 5/2024/TSM ഉത്തരവ് പ്രകാരം കേരള ഡിസൈൻ പോളിസിക്ക് സർക്കാർ അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് . ഇതു കൂടാതെ ഡിസൈൻ പോളിസി രൂപീകരിക്കപ്പെട്ടതിനുശേഷം ഇവ നടപ്പിലാക്കുന്നതിനായി കൈക്കൊള്ളേണ്ട രീതികളും മാർഗ്ഗങ്ങളും സംബന്ധിച്ച സ്ട്രാറ്റജി ഡോക്യുമെന്റ് അന്തിമമാക്കിയിട്ടുണ്ട് . തുടർന്ന് പദ്ധതികൾ നടപ്പിലാക്കുന്ന നിർവ്വഹണ ഏജൻസികൾക്ക് അതത് വകുപ്പുകൾ തയ്യാറാക്കുന്ന ചട്ടക്കൂടുകൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ് . |
| (ബി) | ഡിസൈൻ പോളിസി സർക്കാർ അംഗീകരിച്ച് നടപ്പാക്കിയതിന് ശേഷമുള്ള പൊതുയിടങ്ങളുടെ നവീകരണത്തിലും ബീച്ചുകൾ, പാർക്കുകൾ എന്നിവയുടെ രൂപകൽപ്പനയിലും ഉണ്ടായിട്ടുള്ള സ്വാധീനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള ഡിസൈൻ പോളിസിക്ക് രാജ്യമാകമാനമുള്ള ഡിസൈനർമാർ, ആസൂത്രകർ മുതലായവരിൽ നിന്നും നല്ല അഭിപ്രായം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട് . കൂടാതെ കേരളത്തിന്റെ ഡിസൈൻ പോളിസിയുടെ ചുവടുപിടിച്ചുകൊണ്ട് വിവിധ സംസ്ഥാനങ്ങൾ ഡിസൈൻ പോളിസികൾ രൂപപ്പെടുത്തിയെടുക്കുവാനുള്ള തയ്യാറെടുപ്പിലാണ് . ഡിസൈൻ പോളിസി അടിസ്ഥാനമാക്കിയുള്ള പൈലറ്റ് പദ്ധതിക്ക് ജനങ്ങളുടെ അംഗീകാരം പിടിച്ചുപറ്റുവാൻ സാധിച്ചിട്ടുണ്ട് . ഡിസൈൻ |

| | | | |
|---|---|---|---|
| | | | പോളിസിക്ക് സർക്കാർ അംഗീകാരം ലഭ്യമായതിനുശേഷം വിവിധ പാലങ്ങൾക്ക് അടിവശത്ത് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി വി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. ആദ്യ പദ്ധതിയായി കൊല്ലം ആർ.ഒ.ബി – യുടെ അടിവശത്ത് ലഭ്യമായ ഭൂമി ഉപയോഗിച്ചുകൊണ്ടുള്ള കൊല്ലം – വി പാർക്ക് പദ്ധതി 2025 മാർച്ച് 1 ന് ഉദ്ഘാടനം ചെയ്തു. നിലവിൽ വേണ്ടവിധത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി മാതൃകാ പൊതു ഇടങ്ങളാക്കിമാറ്റുന്നതിനുള്ള ഉദാഹരണമാണ് പ്രസ്തുത പദ്ധതി . വീ പാർക്ക് പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പാക്കുന്നതിന്റെ ഭാഗമായി 4 സ്ഥലങ്ങളിൽ കൂടി വീ പാർക്കിന് ഭരണാനുമതി നല്കിയിട്ടുണ്ട് . കൂടുതൽ സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ് . |
| (സി) | പാരിസ്ഥിതികാഘാതം കുറയ്ക്കാൻ കഴിയും വിധം ഡിസൈൻ പോളിസി നടപ്പിലാക്കിയതിന്റെ അനുഭവങ്ങൾ വ്യക്തമാക്കാമോ; | (സി) | ഡിസൈൻ പോളിസിയുടെ ചുവടു പിടിച്ചുകൊണ്ട് ഓരോ ടൂറിസം കേന്ദ്രവും വികസിപ്പിച്ചെടുക്കുമ്പോൾ അവയുടെ ക്യാരിയിംഗ് കപ്പാസിറ്റി കണക്കിലെടുത്തു കൊണ്ടുള്ള ആസൂത്രണത്തിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട് . ഇതിന്റെ ഭാഗമായി കെ.ടി.ഐ.എൽ വഴി വർക്കല ടൂറിസം കേന്ദ്രത്തിന്റെ ക്യാരിയിംഗ് കപ്പാസിറ്റി അധിഷ്ഠിതമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ് . അതുപോലെ KITTS ന്റെ ആഭിമുഖ്യത്തിൽ മൂന്നാർ, പൂക്കോട് എന്നീ കേന്ദ്രങ്ങളിലെ ക്യാരിയിംഗ് കപ്പാസിറ്റി പഠനവും അന്തിമഘട്ടത്തിൽ ആണ് . |
| (ഡി) | മാലിന്യ സംസ്കരണത്തിലും ശുചിത്വ പരിപാലനത്തിലും പ്രസ്തുത പോളിസി എങ്ങനെയാണ് സ്വാധീനം ചെലുത്തിയതെന്ന് വിശദമാക്കാമോ? | (ഡി) | ഡിസൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ മാലിന്യ സംസ്കരണവും ശുചിത്വപരിപാലനവും ഉൾപ്പെടെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു . |

സെക്ഷൻ ഓഫീസർ